# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

നമ്പർ. C4/1506/20/GECSKP

തീയതി: 09.09.2020

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എഞ്ചിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- ഇ-ഗ്രാൻറ്സ്, 2020-21- വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കുന്നതു സംബന്ധിച്ച്

സൂചന :- പാലക്കാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ നിന്നുള്ള 07/09/2020 തിയ്യതിയിലെ ടെലഫോൺ സന്ദേശം.

മുൻ വർഷത്തിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്കും/അപേക്ഷ ക്യാൻസൽ ചെയതവർക്കും അർഹതയുണ്ടെങ്കിൽ 2020-21 വർഷത്തെ ഇ-ഗ്രാൻറ്സ് വിദ്യാഭ്യാസ ആനുകൂല്യത്തിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. **ഒരു ലക്ഷം രൂപയിൽ താഴെ** കുടുംബ വാർഷിക വരുമാനമുള്ള എല്ലാവിഭാഗം വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. എസ്സി/ എസ്ടി/ ഒഇസി വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ല. **23/5/2014 ലെ GO (MS) No. 10/2014/BCDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഒ ഇ സി വിഭാഗത്തിൽ ഉൾപ്പെടുന്നതെങ്കിൽ ആറ് ലക്ഷമാണ് വരുമാന പരിധി.**

അഡ്മിഷൻ സമയത്ത് ഫീസ് ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ നിർബന്ധമായും ഇ-ഗ്രാൻറ്സ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മറ്റേതെങ്കിലും സ്കോളർഷിപ്പോ സ്റ്റൈപെൻറോ ലഭിക്കുന്ന വിദ്യാർഥികൾ അപേക്ഷിക്കേണ്ടതില്ല.

**www.egrantz.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണ്. കോളേജ് ട്രാൻസ്ഫർ മുഖാന്തരം പ്രവേശനം നേടിയവർ, ഇഗ്രാൻറ്സ് വെബ്സൈറ്റിലെ സ്റ്റുഡൻറ്സ് ലോഗിനിൽ പ്രവേശിച്ച് ഈ സ്ഥാപനത്തിലേക്ക് മാറ്റി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കഴിയുന്ന വിദ്യാർഥികൾ മാത്രം** അപേക്ഷയുടെ പകർപ്പ് താഴെ പറയുന്ന രേഖകൾ സഹിതം സ്ഥാപനത്തിലെ പരിശോധനക്കായ് <u>24/09/2020</u>ന മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മറ്റുള്ളവർ പിന്നീട് എത്തിച്ചാൽ മതിയാകുന്നതാണ്

- ജാതി സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
- അലോട്ട്മെൻറ് മെമ്മോ
- എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- പ്ലസ് ടു സർട്ടിഫിക്കറ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ആധാർ നമ്പർ (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
- ബാങ്ക് പാസ്സ്ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (വിദ്യാർഥിക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ, സ്വന്തം പേരിൽ അക്കൌണ്ട് ഉണ്ടായിരിക്കണം; അക്കൌണ്ട് ആധാറുമായി ലിങ്ക് ചെയ്തിരിക്കണം.)
- ഹോസ്റ്റൽവാസികൾ 'ഇൻമേറ്റ് സർട്ടിഫിക്കറ്റ്' ഹാജരാക്കണം.

**ഡോ.പി. സി .രഘുരാജ്.**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1 എല്ലാ വകുപ്പ മേധാവികൾക്കും (DDFS മുഖാന്തിരം)
4. ശ്രീ. പ്രേംകുമാർ , വെബ് അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

ഉത്തരവിൻ പ്രകാരം

Draft #1 of File C4/1506/20/GECSKP Approved by Principal on 09-Sep-2020 12:06 PM - Page 1

സൂപ്രണ്ട്

Draft #1 of File C4/1506/20/GECSKP Approved by Principal on 09-Sep-2020 12:06 PM - Page 2